**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **07-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ റോഡ്സ്, ബിൽഡിംഗ്സ് , ബ്രിഡ്ജസ് എന്നീ വിഭാഗങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ; | (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്കു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതി, പീച്ചി-വാഴാനി-ടൂറിസം കോറിഡോർ റോഡ് പദ്ധതി എന്നിവയാണ്. വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിക്ക് 20 കോടി രൂപയുടെ തത്ത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് നിർദ്ദിഷ്ട അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട അലൈൻമെന്റിൽ ചെയിനേജ് 1/460-ൽ ഒരു പാലവും ചെയിനേജ് 4/820 ൽ ഒരു റെയിൽവേ മേൽ പാലവും നിർമ്മിക്കേണ്ടതുണ്ട്. ആയതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ കിഫ്ബി-ടി.ആർ.സി മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പീച്ചി-വാഴാനി-ടൂറിസം കോറിഡോർ റോഡ് പദ്ധതിയ്ക്ക് (ചെയിനേജ് 0/000 മുതൽ 18/650 വരെ) 20 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതിയും 62 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി. പ്രവൃത്തിക്ക് കരാർ നൽകിയെങ്കിലും പ്രസ്തുത റോഡിൽ ചെയിനേജ് 0/000 മുതൽ 7/000 വരെയുള്ള ചെയിനേജുകളിൽ കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വീതി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തു. ആവശ്യമായ വീതി ലഭ്യമായ 7/000 മുതൽ 18/650 വരെയുള്ള ഭാഗം യൂട്ടിലിറ്റികൾ ഷിഫ്റ്റ് ചെയ്ത ശേഷം ഒന്നാംഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്തിന്റെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെട്ട എസ്റ്റിമേറ്റ് ആകുന്ന മുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതാണ്. മേൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ 11/500 മുതൽ 18/650 വരെയുള്ള ഭാഗം വടക്കാഞ്ചേരി മണ്ഡലത്തിൽപെടുന്നതാണ്. |
| (ബി) | ഇവയുടെ നിലവിലെ പുരോഗതി ലഭ്യമാക്കാമോ? | (ബി) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്കു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതി, പീച്ചി-വാഴാനി-ടൂറിസം കോറിഡോർ റോഡ് പദ്ധതി എന്നിവയാണ്. വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിക്ക് 20 കോടി രൂപയുടെ തത്ത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് നിർദ്ദിഷ്ട അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട അലൈൻമെന്റിൽ ചെയിനേജ് 1/460-ൽ ഒരു പാലവും ചെയിനേജ് 4/820 ൽ ഒരു റെയിൽവേ മേൽ പാലവും നിർമ്മിക്കേണ്ടതുണ്ട്. ആയതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ കിഫ്ബി-ടി.ആർ.സി മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പീച്ചി-വാഴാനി-ടൂറിസം കോറിഡോർ റോഡ് പദ്ധതിയ്ക്ക് (ചെയിനേജ് 0/000 മുതൽ 18/650 വരെ) 20 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതിയും 62 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകി. പ്രവൃത്തിക്ക് കരാർ നൽകിയെങ്കിലും പ്രസ്തുത റോഡിൽ ചെയിനേജ് 0/000 മുതൽ 7/000 വരെയുള്ള ചെയിനേജുകളിൽ കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വീതി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തു. ആവശ്യമായ വീതി ലഭ്യമായ 7/000 മുതൽ 18/650 വരെയുള്ള ഭാഗം യൂട്ടിലിറ്റികൾ ഷിഫ്റ്റ് ചെയ്ത ശേഷം ഒന്നാംഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്തിന്റെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെട്ട എസ്റ്റിമേറ്റ് ആകുന്ന മുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതാണ്. മേൽ പ്രവൃത്തിയുടെ 11/500 മുതൽ 18/650 വരെയുള്ള ഭാഗം വടക്കാഞ്ചേരി മണ്ഡലത്തിൽപെടുന്നതാണ്. |

സെക്ഷൻ ഓഫീസർ